**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 860** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് പ്രവേശന പരീക്ഷാ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ പട്ടികജാതി,പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് നീറ്റ് പോലുള്ള പ്രവേശന പരീക്ഷാ പരിശീലനങ്ങൾ നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർഥികൾക്ക് പ്രവേശന പരീക്ഷാ ആനുകൂല്യം അനുവദിച്ച് വരുന്നു. കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയാത്ത പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് +1, +2 പഠനത്തോടൊപ്പം എൻട്രൻസ് പരിശീലനം നടത്തുന്നവർക്ക് പ്രതി വർഷം 10,000/- രൂപ വീതം ആകെ 20,000/- രൂപയും, +2 പഠനം കഴിഞ്ഞ് ഒരു വർഷത്തേക്ക് പരിശീലനം നടത്തുന്നവർക്ക് 54000/- രൂപ വരെയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്.<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും പ്രവേശന പരീക്ഷാ പരിശീലനത്തിന് ഒ.ബി.സി വിഭാഗവിദ്യാർത്ഥിയ്ക്ക് പരമാവധി 30000/- രൂപ വരെ ധനസഹായം അനുവദിക്കുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയും നിലവിലുണ്ട്. |
| (ബി) | ദൂരസ്ഥലങ്ങളിലെ എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന ഈ വിദ്യാർഥികൾക്ക് കൊടുങ്ങല്ലൂർ പോലുള്ള തൊട്ടടുത്ത പ്രദേശങ്ങളിലെ പ്രവേശന പരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ പരിശീലന സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | കൊടുങ്ങല്ലൂരിലെ മലബാർ എൻട്രൻസ് കോച്ചിംഗ് സെന്ററിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് ആനുകൂല്യം നൽകി വരുന്നുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്നവർക്കാണ് നിലവിൽ ധനസഹായം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ